DESPATCHED
On.02-08-21

28/7/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

## തിരുവനന്തപുരം_695 001

Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.282(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.3727/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 ജൂലൈ 28**

ശ്രീ. കെ. പ്രഭാകരൻ,
സെക്രട്ടറി,
"സ്വാശ്രയ", മട്ടാഞ്ചേരി,
കൊച്ചി – 682 002.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   വില്ലേജ് ഓഫീസർ,
   വില്ലേജ് ഓഫീസ്, ആദിനാട്,
   കൊല്ലം.

2. അപ്പീൽ അധികാരി & തഹസിൽദാർ,
   താലൂക്ക് ഓഫീസ്,
   കരുനാഗപ്പള്ളി, കൊല്ലം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 11/01/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 05/02/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 12/02/2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 03/03/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 13/03/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 16/03/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 27/03/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 17/04/2021 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 23/07/2021 – വീഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. കെ. പ്രഭാകരൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ആവശ്യപ്പെട്ട രേഖാ പകർപ്പുകൾ മന:പ്പൂർവ്വം നൽകാതെ മറച്ചു വയ്ക്കുകയും പേജ് എണ്ണി തിട്ടപ്പെടുത്തി

മറുപടി ലഭ്യമാക്കാതെ വിവരം എഴുതി നൽകുകയും, എഫ്.എം.ബി. ഫോട്ടോ പകർപ്പിന് 590/- രൂപയും തണ്ടപ്പേർ പകർപ്പിന് 100/- രൂപയും നൽകണമെന്ന് എതിർകക്ഷികൾ നൽകിയ മറുപടി നിയമപരമല്ലെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ഒന്നാം എതിർകക്ഷി ഓഫീസിന്റെ അധികാര പരിധിയിൽ ഉൾപ്പെടുന്ന സർവ്വെ നമ്പർ 361/7 46.59, 361/8 56.60 ശ്രീമതി ശ്രീദേവിയമ്മ സരസ്വതിയമ്മ പേരിൽ പതിഞ്ഞിട്ടുള്ളതുമായ റീസർവ്വെ സ്കെച്ചിന്റെ പകർപ്പും, മേൽപ്പടി സർവ്വെ 361/8 56.60 സ്ക്വയർ ഫീറ്റ് സ്ഥലത്തിന്റെ കിഴക്ക് വടക്കുവശം സരസ്വതിയമ്മ കൊച്ചയ്യത്തു വീട് എന്ന പേരിൽ പതിഞ്ഞു കിടന്ന നിലം സ്ഥല ഉടമയുടെ അനുമതിയില്ലാതെ മുൻവില്ലേജ് ഓഫീസർ ശ്രീ. ദിനേശൻ, ശ്രീമതി നബീസാ ബീവി പേർക്ക് പതിവ് നൽകി അതിലേക്ക് ഹാജരാക്കിയ മുഴുവൻ രേഖകളുടെ പകർപ്പ്, പതിവു നൽകി കരം തീർത്തു നൽകിയ പേജിന്റെ പകർപ്പ് എന്നിവ നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ആദിനാട് വില്ലേജ് ബ്ലോക്ക് 6-ൽ റീസർവ്വെ നമ്പർ: 361/7, 361/8 എന്നിവയുടെ റീസർവ്വെ സ്കെച്ചിന്റെ പകർപ്പിന് 590/- രൂപ ഫീസ് ഒടുക്കി വില്ലേജ് ഓഫീസിൽ നിന്നും കൈപ്പറ്റാവുന്നതാണെന്നും റീസർവ്വെ നമ്പർ:361/8-ന്റെ കിഴക്ക് വടക്കുവശം സർവ്വെ 361/10 07.30 ആർ നിലം റീസർവ്വെ പ്രകാരം ബ്ലോക്ക് 6-ൽ 306 നമ്പർ തണ്ടപ്പേർ പ്രകാരം ആദിനാട് തെക്ക് മുറിയിൽ കോവളത്ത് കിഴക്കതിൽ ശ്രീമതി നബീസ ഉമ്മക്കുഞ്ഞ്, കൊച്ചയ്യത്ത് വീട്ടിൽ ശ്രീമതി സരസ്വതിയമ്മ ശ്രീദേവിയമ്മ എന്നിവർ പേരിൽ ഉൾപ്പെട്ടു വന്നിരുന്നതാണെന്നും സർവ്വെ അദാലത്ത് ഫയൽ 31/99 പ്രകാരമാണ് പുതുപ്പള്ളി വില്ലേജിൽ പ്രയാർ വടക്ക് നൗഷാദ് മൻസിൽ പാത്തുമ്മക്കുഞ്ഞ് മകൾ സബീസാക്കുഞ്ഞ് പേരിലുള്ള ബ്ലോക്ക് VI-ൽ 5830 നമ്പർ തണ്ടപ്പേരിലേക്ക് മാറ്റിയിട്ടുള്ളതെന്നും സർവ്വെ അദാലത്തിൽ ഹാജരാക്കിയ രേഖകളുടെ പകർപ്പ് വില്ലേജ് ആഫീസിൽ ലഭ്യമല്ലെന്നും തണ്ടപ്പേരിന്റെ പകർപ്പ് 100/-രൂപ ഫീസ് ഒടുക്കി കൈപ്പറ്റാവുന്നതാണെന്നുമാണ്.

4. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ പകർപ്പ് ഫീസായി വലിയ തുകയാണ് ആവശ്യപ്പെട്ടതെന്നും ഫയൽ കാണാനില്ല എന്ന മറുപടി ശരിയല്ലെന്നും എത്ര പേജുണ്ടെന്ന് വ്യക്തമാക്കാതെയും പേരും ഫോൺ നമ്പരും ചേർക്കാതെയും മറുപടി നൽകിയത് നിയമാനുസൃതമല്ലെന്നുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി

പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, റവന്യു സർവ്വെ രജിസ്ട്രേഷൻ വകുപ്പുകളിൽ നിന്ന് വിതരണം ചെയ്യുന്ന സർക്കാർ ഫീസ് ഏർപ്പെടുത്തിയിട്ടുള്ള രേഖകൾ വിവരാവകാശ നിയമപ്രകാരം ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലെന്നും നിലവിലുള്ള നിയമപ്രകാരം റീസർവ്വെ സ്കെച്ചിന്റെ (എഫ്.എം.ബി) പകർപ്പിന് 590/- രൂപയും തണ്ടപ്പേർ പകർപ്പിന് 100/-രൂപയും ഈടാക്കാവുന്നതാണെന്നുള്ള എസ്.പി.ഐ.ഒ. നൽകിയ മറുപടി തൃപ്തികരമാണെന്നുമാണ്.

5. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, സംസ്ഥാന വിവരാവകാശ കമ്മീണറുടെ 4.2.2018 തീയതിയിലെ ഉത്തരവു നമ്പർ എ.പി.2281(1)/18 തീരുമാന പ്രകാരം റവന്യു, സർവ്വെ, രജിസ്ട്രേഷൻ വകുപ്പുകളിൽ നിന്നും വിതരണം ചെയ്യുന്ന സർക്കാർ ഫീസ് ഏർപ്പെടുത്തിയിട്ടുള്ള രേഖകൾ വിവരാവകാശ നിയമപ്രകാരം ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല എന്നും എഫ്.എം.ബി. പോലുള്ള രേഖകൾക്ക് സർക്കാർ നിശ്ചയിച്ച ഫീസ് വാങ്ങരുതെന്ന വിവരാവകാശ കമ്മീഷന്റെ വിധിയ്ക്കെതിരെ സർക്കാർ കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ ഹൈക്കോടതി വിവരാവകാശ കമ്മീഷന്റെ വിധി സ്റ്റേ ചെയ്തിട്ടുണ്ടെന്നുമാണ്.

6. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, സംസ്ഥാന വിവരാവകാശ കമ്മീഷന്റെ എ.പി. 2281(1)/2018/എസ്.ഐ.സി. നമ്പർ അപ്പീൽ ഹർജിയിൽ 4.2.2018-ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ റവന്യു, സർവ്വെ, രജിസ്ട്രേഷൻ വകുപ്പുകളിൽ നിന്നും വിതരണം ചെയ്യുന്ന സർക്കാർ ഫീസ് ഏർപ്പെടുത്തിയിട്ടുള്ള രേഖകൾ വിവരാവകാശ നിയമപ്രകാരം ലഭിക്കുന്നതിന് സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലെന്നും എഫ്.എം.ബി. പോലുള്ള രേഖകൾക്ക് സർക്കാർ നിശ്ചയിച്ച ഫീസ് വാങ്ങരുതെന്ന കമ്മീഷന്റെ വിധിക്കെതിരെ സർക്കാർ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ്സിൽ ബഹു. ഹൈക്കോടതി കമ്മീഷന്റെ വിധി സ്റ്റേ ചെയ്തിട്ടുണ്ടെന്നും (WP(C)No. 35173/19/V) വിവരാവകാശ നിയമം അനുശാസിക്കും പ്രകാരം തന്നെ കക്ഷിക്ക് മറുപടി നൽകിയിട്ടുണ്ടെന്നുമാണ്.

7. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട എഫ്.എം.ബി. പകർപ്പിന് 590/- രൂപയും തണ്ടപ്പേർ പകർപ്പിന് 100/- രൂപയും ഫീസ് ഒടുക്കാൻ നിർദ്ദേശിച്ചതാണ് ഹർജിക്കാരന്റെ പ്രധാന ആക്ഷേപം എന്നു കാണുന്നു. വിവരാവകാശ നിയമത്തിലെ 7(5) വകുപ്പു പ്രകാരം അപേക്ഷകൻ ആവശ്യപ്പെടുന്ന പകർപ്പുകൾക്ക് ഈടാക്കേണ്ട ഫീസ് ന്യായമായിരിക്കണമെന്ന്

വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം തന്നെ റിട്ട് പെറ്റീഷൻ (സിവിൽ) നം.194/2012-ലെ 20.3.2018-ലെ വിധിയിൽ ബഹു. സുപ്രീം കോടതി വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകളിൽ സാധാരണയായി 50/- രൂപയിൽ കൂടുതൽ ഫീസ് ഈടാക്കരുതെന്നും വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്ന രേഖകൾക്ക് പേജൊന്നിന് 5/- രൂപയിൽ കൂടുതൽ ഈടാക്കരുതെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്ന രേഖകൾക്ക് ബന്ധപ്പെട്ട വകുപ്പോ അധികാര സ്ഥാനമോ നിശ്ചയിച്ചിട്ടുള്ള ഫീസ് ഈടാക്കാൻ പാടുള്ളതല്ലെന്നും വിവരാവകാശ നിയമപ്രകാരമുള്ള ഫീസേ ഈടാക്കാവു എന്നും WP(C)18118/2017 നമ്പർ കേസിൽ ബഹു. കേരള ഹൈക്കോടതിയുടെ 6.6.2017-ലെ വിധിയിലും വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നിരുന്നാലും ഹർജിക്കാരൻ ആവശ്യപ്പെട്ട പകർപ്പുകൾക്ക് (590+100) 690/- രൂപ ഫീസ് ഒടുക്കണമെന്ന് നിർദ്ദേശിച്ചതായും കാണുന്നു. വിവരാവകാശ നിയമപ്രകാരം എ4 സൈസിലുള്ള പേജൊന്നിന് 2/- രൂപ മാത്രമാണ് ഈടാക്കേണ്ടതെന്ന് Kerala Right to Information (Regulation of Fee & Cost Rules), 2006-ൽ പ്രസ്താവിച്ചിട്ടുള്ള സാഹചര്യത്തിൽ, സാധാരണയായി അപേക്ഷകരിൽ നിന്നും ഈടാക്കുന്ന ഉയർന്ന നിരക്കിലുള്ള തുക ഈടാക്കാൻ വിവരാവകാശ നിയമപ്രകാരം സാധിക്കുകയുമില്ല. ആവശ്യപ്പെട്ട രേഖ എ4 സൈസിലുള്ളതാണെങ്കിൽ ആയതിന് പേജൊന്നിന് 2/- രൂപയും എ4 സൈസിന് മുകളിലാണെങ്കിൽ പേജൊന്നിന് യഥാർത്ഥത്തിൽ ഫോട്ടോ കോപ്പി എടുക്കുന്നതിന് ചെലവാകുന്ന തുകയാണ് വിവരാവകാശ നിയമപ്രകാരം ഈടാക്കേണ്ടത്. ഈ വിഷയത്തിൽ വിവിധ സർക്കാർ വകുപ്പുകൾ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകളിൽ സാധാരണയായി മറ്റു സാഹചര്യങ്ങളിൽ ഈടാക്കുന്ന ഫീസ് ഒടുക്കുവാൻ നിർദ്ദേശിക്കുന്നതായി കണ്ടുവരുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ വ്യക്തതയുള്ള ഒരു നിർദ്ദേശം സർക്കാർ തലത്തിൽ പുറപ്പെടുവിക്കേണ്ടതാണെന്ന് എ.പി.2281(1)/2018/എസ്.ഐ.സി. നമ്പർ അപ്പീൽ ഹർജിയിൽ 4.2.19-ന് കമ്മീഷൻ ഉത്തരവായിട്ടുള്ളതാണ്. കൂടാതെ ബഹു. കോടതി WP(C)194/2012 നമ്പർ കേസിലെ 20.3.2018-ലെ വിധിയിൽ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെടുന്ന രേഖകൾക്ക് പേജൊന്നിന് 5/-രൂപയിൽ കൂടുതൽ ഈടാക്കരുതെന്നും അപ്രകാരം കൂടുതൽ ഫീസ് ഈടാക്കുന്ന ചട്ടങ്ങൾ ഭേദഗതി ചെയ്യാവുന്നതാണെന്നും ഉത്തരവായിട്ടുണ്ട്. ആയതിനാലാണ് ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് വ്യക്തമായ നിർദ്ദേശം നൽകുന്നതിനായി 4/02/2019-ലെ എ.പി.2281(1)/18/എസ്.ഐ.സി. നമ്പർ ഉത്തരവ് പ്രകാരം കമ്മീഷൻ പൊതുഭരണ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. എന്നാൽ ഈ

വിഷയവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)35173/2019(V) നമ്പർ കേസിന്മേൽ ബഹു. ഹൈക്കോടതി 20/12/2019-ന് മേൽ പരാമർശിച്ച 4.2.2019-ലെ കമ്മീഷൻ ഉത്തരവ് സ്റ്റേ ചെയ്തിരിക്കുകയുമാണ്. കൂടാതെ AP No.742(3)/2017 അപ്പീൽ ഹർജിയിൽ 27/2/2021-ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിലും ബഹു ഹൈക്കോടതിയിൽ പരിഗണനയിലുള്ള മേൽ പരാമർശിച്ച കേസിന്റെ അന്തിമ വിധിക്ക് വിധേയമായേ സർക്കാർ നിശ്ചയിച്ച ഫീസ് ഈടാക്കേണ്ടതില്ല എന്ന തീരുമാനം നടപ്പിലാക്കാനാവൂ എന്ന് ഉത്തരവായിട്ടുള്ളതുമാണ്. മേൽ സാഹചര്യത്തിൽ ബഹു. ഹൈക്കോടതിയിലെ WP(C)35173/2019(V) നമ്പർ കേസിലെ അന്തിമ വിധിയ്ക്ക് വിധേയമായി നിലവിൽ വിവരാവകാശ നിയമപ്രകാരം നിശ്ചയിച്ച ഫീസ് മാത്രമേ ഈടാക്കാവൂ എന്നു നിർദ്ദേശിച്ചുകൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021 ജൂലൈ 28 -ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി
us

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★